

“ജറുസലേമിൽവച്ചു നീ സാന്ത്വനം അനുഭവിക്കും” (ഏശയ്യാ 66:10–14)

## മെയ് 2014: വിചിന്തനം

ഉന്നത ജറുസലേം കൂടിയായ സഭ “നമ്മുടെ മാതാ”വെന്നും വിളിക്കപ്പെടുന്നു; കറയില്ലാത്ത ചെമ്മരിയാടിന്റെ നിർമ്മലമണവാട്ടിയായി വിവരിക്കപ്പെടുന്നു. അവളെ മിശിഹാ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ കൈയേൽപിക്കുകയും ചെയ്തു. സർവ്വവിജ്ഞാനത്തെയും അതിശയിക്കുന്ന വിധത്തിൽ, ദൈവത്തിനും മിശിഹായ്ക്കും നമ്മോടുള്ള സ്നേഹം നാം മനസ്സിലാക്കുന്നതിനുവേണ്ടി അത്രമാത്രം സ്വർഗീയനന്മകൾ അവളുടെമേൽ അവിടന്ന് സദാകാലം നിറയ്ക്കുകയും ചെയ്തു.
(*ജനതകളുടെ പ്രകാശം (ല്യൂമൻ ജെൻസിയം), രണ്ടാം വത്തിക്കാൻ കൗൺസിൽ*)

രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കൻമാർ പഠിപ്പിച്ചതുപോലെ, ക്രിസ്തു സ്ഥാപിച്ച സഭയെ വിവരിക്കാൻ നിരവധി പ്രതീകങ്ങളും രൂപകങ്ങളും ഉപയോഗിക്കുന്നുണ്ട്. ഈ മാസം, സഭയുടെ രഹസ്യാത്മകതയെക്കുറിച്ച് നമുക്ക് മനനം ചെയ്യാം. ഒന്നാമത് അവൾ ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിലും, രണ്ടാമത് അവൾ നമ്മുടെ മാതാവ് എന്ന നിലയിലും.

യുഗാരംഭം മുതൽ ദൈവം സകലരേയും തന്നിലേക്ക് ആകർഷിക്കാൻ തീവ്രമായി അഭിലഷിച്ചിരുന്നു. എന്നാൽ ദൈവം നമ്മുടെ എത്രയടുത്തുവരുന്നു? ദുർബലരും പാപികളുമായ നമുക്ക് സർവ്വശക്തനും പരമപരിശുദ്ധനുമായ ദൈവത്തിന്റെ എത്രയടുത്ത് എത്താനാകും? ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ അതിഗഹനമായ രഹസ്യാത്മകതയുടെ ഒരു പ്രതിഫലനം മാത്രമാണ് ഭാര്യാ-ഭർത്താക്കൻമാർക്കിടയിലുള്ള, സുന്ദരവും ഗാഢവുമായ ബന്ധമെന്ന് വി.പൗലോസ് (എഫേ.5:31–32) നമ്മെ പഠിപ്പിക്കുന്നു.

ആദത്തിന്റെ മണവാട്ടിവന്നത് അയാളുടെ പാർശ്വത്തിൽ നിന്നാണ്. അതുപോലെ സഭ രൂപപ്പെട്ടത് ക്രിസ്തുവിന്റെ കുത്തിപിളർക്കപ്പെട്ട പാർശ്വത്തിൽ നിന്നാണ്. അവിടന്ന് അവളെ സ്നേഹിച്ചു; മണവാട്ടിയായി സ്വീകരിച്ചു. ആദർശയോഗ്യനായ ഭർത്താവെന്ന നിലയിൽ അവളെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്നു. അവന് അവളെ ഒരിക്കലും പരിത്യജിക്കാനാവില്ല. അവൻ അവളോട് പറയുന്നു “യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും”. അതുകൊണ്ട് ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ “ജറുസലേമിനെ സ്നേഹിക്കുന്ന നിങ്ങൾ അവളോടുകൂടെ ആനന്ദിച്ചുല്ലസിക്കുവിൻ”.

സഭാമക്കളെന്ന നിലയിൽ അവളിലെ ഈ സമ്പന്നത നവമായി നാം കണ്ടെത്തണം. ക്രിസ്തു അവളെ “എന്നേക്കുമായി സ്വർഗീയവരങ്ങളാൽ” പരിപൂർണ്ണയാക്കിയതുകൊണ്ട് അവൾ ആത്മീയ ഫലസമൃദ്ധിയാൽ അനുഗ്രഹീതയായിരിക്കുന്നു. അമ്മയെന്ന നിലയിൽ, അവളുടെ വിശ്വാസികളായ മക്കളെല്ലാം രക്ഷപ്രാപിക്കുന്നതുവരെ പരിപോഷിപ്പിക്കപ്പെടുവാൻ കൃപയുടെ നീർച്ചാലുകൾ അവളെ ഭരമേൽപ്പിച്ചിരിക്കുന്നു. ഈ കൃപയുടെ നീർച്ചാലുകൾ നിരവധിയാണ്. സഭയിൽ ബൈബിൾ അടക്കം ക്രിസ്തുവിന്റെ തെറ്റുവരാനാവാത്ത പ്രബോധനങ്ങൾ നാം കാണുന്നു. സഭ, വിശുദ്ധഗ്രന്ഥഭാഗങ്ങൾ സമാഹരിക്കുകയും പരിരക്ഷിക്കുകയും അവികലമായ വ്യാഖ്യാനത്തോടുകൂടി തലമുറകൾക്ക് കൈമാറുകയും ചെയ്യുകവഴി എത്രയധികം കൃപ നാം സ്വീകരിച്ചിരിക്കുന്നുവെന്നത് ഗാഢമായി ധ്യാനിക്കേണ്ടതുണ്ട്. അതുപോലെ തന്റെ അജഗണത്തെ പരിപാലിക്കുന്നതിനായി ദൈവം നിയോഗിച്ച അഭിഷിക്തരായ ശുശ്രൂഷകരുടെയും മെത്രാൻമാരുടെയും ശുശ്രൂഷകൾ വഴി, വ്യക്തികളെന്ന നിലയിലും ഒരു മുന്നേറ്റമെന്ന നിലയിലും നാം എത്രയധികം ഈ കൃപ സ്വീകരിച്ചിരിക്കുന്നുവെന്നും ധ്യാനിക്കണം.

എന്നാൽ സഭയെ അവളുടെ സ്ഥാപകൻ ഏറ്റവും മഹോന്നതമായ കൃപയുടെ ചാലുകളാൽ അനുഗ്രഹിച്ചിരിക്കുന്നു, അവയാണ് കൂദാശകൾ. ഏഴ് കൂദാശകളും നാം പ്രതീകാത്മകമായി പങ്കെടുക്കുന്ന അനുഷ്ടാനങ്ങളല്ല, മറിച്ച് അവ ഏറ്റവും ശക്തമായി നമ്മിൽ പ്രവർത്തിക്കാൻ ദൈവം സ്ഥാപിച്ചിരിക്കുന്ന മാർഗ്ഗങ്ങളാണ്. അത് ജ്ഞാനസ്നാനത്തിൽ ആരംഭിക്കുന്നു. അവിടെ നാം ക്രിസ്തുവിനോടൊത്ത് മരിക്കുന്നു; പരിശുദ്ധാത്മാവിനാൽ പുനർജനിച്ചും, നവീകരിക്കപ്പെട്ടും കൃപയുടെ പുതുജീവനിലേക്ക് അവനോടൊത്ത് ഉത്ഥാനം ചെയ്യുന്നു. അതുപോലെ എല്ലാ കൂദാശകളിലൂടെയും വ്യത്യസ്തരീതിയിൽ ക്രിസ്തു നമ്മെ ശക്തീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട വിശുദ്ധ ജീവിതം നയിക്കാൻ പ്രാപ്തി നേടുന്നു. കൂദാശകളിൽ പ്രധാനമായത് ദിവ്യബലിയാണ്. അവിടെ നാം “സ്വർഗീയവരങ്ങൾ” മാത്രമല്ല, അവയുടെ ദാതാവിനെയും സ്വീകരിക്കുന്നു. വി.അൽഫോൺസ് ലിഗോരി പഠിപ്പിക്കുന്നതിങ്ങനെയാണ്; “സകല പുണ്യവാൻമാരുടെ സകല പ്രായശ്ചിത്തത്തേക്കാളും, അപ്പസ്തോലൻമാരുടെ അധ്വാനത്തേക്കാളും, രക്തസാക്ഷികളുടെ പീഡാസഹനത്തേക്കാളും, പരിശുദ്ധ ദൈവമാതാവിന്റെ എരിയുന്ന സ്നേഹത്തേക്കാൾ പോലും വലുതായ ബഹുമാനമാണ് ഒരു ദിവ്യബലിവഴി നാം ദൈവത്തിന് നൽകുക”.

ക്രിസ്തു സഭയെ നമ്മുടെ മാതാവായി നൽകിയതുകൊണ്ട്, നമുക്ക് അവളുടെ വിശ്വസ്ത – വാത്സല്യ സന്താനങ്ങൾ ആവാം. നമ്മുടെ ആത്മീയ പോഷണത്തിനും പരിപാലനയ്ക്കുമായി അവളുടെ പക്കലണയാം. അപ്പോൾ, സഹസ്രാബ്ദങ്ങൾക്കുമുൻപ് ഏശയ്യാ പ്രവാചകനിലൂടെ ദൈവം നൽകിയ വാഗ്ദാനം നമുക്ക് ഗ്രഹിക്കാനാകും. “അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും. ജറുസലെമിൽവച്ചു നീ സാന്ത്വനം അനുഭവിക്കും”.


Prepared by the Jesus Youth International Formation Team. Illustration: George Paul